# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. *553 7/07/2014 ൽ മറുപടിക്ക്**

**കെട്ടിടാവശിഷ്ടങ്ങളുടെ പുനരുപയോഗം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ബി.അബ്ദുൾ റസാക് :<br>,, എം. ഉമ്മർ :<br>,, കെ. മുഹമ്മദുണ്ണി ഹാജി :<br>,, പി. കെ. ബഷീർ : | മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) നഗരപ്രദേശങ്ങളിലും ചെറു പട്ടണങ്ങളിലും നിന്ന് പൊളിച്ചു മാറ്റപ്പെടുന്ന കെട്ടിടാവശിഷ്ടങ്ങൾ നഗരങ്ങളിലെയും ഗ്രാമങ്ങളിലെയും വയലുകളും ജലാശയങ്ങളും നികത്താൻ ഉപയോഗിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) ചില സ്ഥലങ്ങളിൽ ഇത്തരം പ്രവർത്തികൾ നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത പ്രവൃത്തിമൂലം കാർഷിക മേഖലയ്ക്കും പരിസ്ഥിതിക്കും ഉണ്ടാകുന്ന ഗുരുതരമായ ആഘാതങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; | (ബി) പ്രത്യേകിച്ച് പഠനമൊന്നും നടത്തിയിട്ടില്ല. |
| (സി) പ്രസ്തുത തരത്തിലുള്ള ഖരമാലിന്യങ്ങൾ റീസൈക്കിൾ ചെയ്ത്, കെട്ടിടനിർമ്മാണാവശ്യത്തിനുള്ള ബ്ലോക്കുകളും മറ്റും നിർമ്മിച്ച് പുനരുപയോഗ പ്രദമാക്കാനും അവയുടെ ദുരുപയോഗം തടയാനും ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) ഇത് സംബന്ധിച്ച് ഒരു സാദ്ധ്യതാ പഠനം നടത്തി അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ